**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1641** **11-10-2024 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് കൃഷിഭവനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് ആർ.ഐ.ഡി.എഫ്., ആർ.കെ.വി.വൈ. എന്നീ പദ്ധതികൾ മുഖേന എത്ര സ്മാർട്ട് കൃഷിഭവനുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് ആർ.ഐ.ഡി.എഫ് പദ്ധതി മുഖേന അനുവദിച്ചിട്ടുള്ള സ്മാർട്ട് കൃഷി ഭവനുകളുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. ആർ.കെ.വി.വൈ. പദ്ധതി പ്രകാരം സ്മാർട്ട് കൃഷിഭവൻ പദ്ധതി നടപ്പിലാക്കുന്നില്ല. |
| (ബി) | നിലവിൽ സ്മാർട്ട് കൃഷിഭവനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; അതിനുള്ള പ്രൊപ്പോസലുകൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | എല്ലാ സൗകര്യത്തോടു കൂടിയുള്ള കെട്ടിടത്തിന്റെ നിർമ്മാണത്തിനായി സ്ഥലത്തിന്റെ ലഭ്യത ആണ് പ്രധാനപ്പെട്ട മാനദണ്ഡം. ഘട്ടം ഘട്ടമായി എല്ലാ കൃഷി ഭവനും സ്മാർട്ട് കൃഷിഭവനാകുന്നതിനു മുന്നോടിയായി ജില്ലയിൽ നിന്നും ഓരോ കൃഷിഭവൻ എന്ന നിലയിൽ പ്രൊജക്ട് പ്രൊപ്പോസൽ നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് സ്മാർട്ട് കൃഷിഭവൻ നടപ്പിലാക്കി വരുന്നതുമാണ്. |
| (സി) | ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകളാണ് പ്രസ്തുത ഫണ്ട് ഉപയോഗിച്ച് സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റുന്നതിന് തീരുമാനം എടുത്തിട്ടുള്ളത്; വിശദമാക്കാമോ? | (സി) | ഏറനാട് മണ്ഡലത്തിലെ കൃഷി ഭവനുകൾ ഒന്നും നിലവിൽ ആർ.ഐ.ഡി.എഫ്. ഫണ്ട് ഉപയോഗിച്ച് സ്മാർട്ട് കൃഷി ഭവൻ ആക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| നം | ജില്ല | ബ്ലോക്ക് / കൃഷി ഭവൻ |
|---|---|---|
| 1 | തിരുവനന്തപുരം | പുളിമാത്ത് നഗരൂർ |
| 2 | കൊല്ലം | ചാത്തന്നൂർ/നെടുമ്പന |
| 3 | പത്തനംതിട്ട | പന്തളം /മെഴുവേലി |
| 4 | ആലപ്പുഴ | ചമ്പക്കുളം/നെടുമുടി |
| 5 | കോട്ടയം | വൈക്കം/ടി വി പുരം |
| 6 | ഇടുക്കി | ഇളംദേശം/വണ്ണപ്പുറം |
| 7 | എറണാകുളം | പൂതൃക്ക/കുന്നത്തുനാട് |
| 8 | തൃശൂർ | വടക്കാഞ്ചേരി/വടക്കാഞ്ചേരി |
| 9 | പാലക്കാട് | കൊല്ലങ്കോട്/പെരുവമ്പ |
| 10 | മലപ്പുറം | തിരുനാവായ/തിരൂർ |
| 11 | കോഴിക്കോട് | കൊടുവള്ളി /തിരുവമ്പാടി |
| 12 | വയനാട് | കൽപ്പറ്റ/മുട്ടിൽ |
| 13 | കണ്ണൂർ | കൂത്തുപറമ്പ്/കൂത്തുപറമ്പ് |
| 14 | കാസർഗോഡ് | മഞ്ചേശ്വർ/പുതിഗേ |

സെക്ഷൻ ഓഫീസർ